പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *122 13.06.2014-ൽ മറുപടിയ്ക്ക്

# മൊബൈൽ ഫോൺ സംസ്കാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>" എം. ഉമ്മർ<br>" കെ. എൻ. എ. ഖാദർ<br>,, കെ. എം. ഷാജി | ശ്രീ. കെ.സി.ജോസഫ്<br>( ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മൊബൈൽ ഫോണുകളുടെ അമിത ഉപയോഗവും, ദുരുപയോഗവും, ആരോഗ്യപ്രശ്നങ്ങളോടൊപ്പം സമൂഹത്തിന്റെ സാംസ്കാരിക നിലവാരത്തെയുംദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മൊബൈൽ ഫോണുകളുടെ അമിത ഉപയോഗവും, ദുരുപയോഗവും സംബന്ധിച്ച് ആരോഗ്യ പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മൊബൈൽ ഫോണിലൂടെ വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ സാംസ്കാരികനിലവാരത്തെ ദോഷകരമായി ബാധിക്കുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ നടപടികളോ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | സർക്കാർ തലത്തിൽ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി പോലീസ് പദ്ധതി എന്നിവ മുഖേന മൊബൈൽഫോൺ ദുരുപയോഗം സംബന്ധിച്ച് ജനങ്ങൾക്കിടയിലും കുട്ടികൾക്കിടയിലും അവബോധം സൃഷ്ടിക്കുന്നതിനായി ആവശ്യമായ ക്ലാസ്സുകളും ലഘുലേഖകളും നൽകി വരുന്നു. |
| (സി) | മൊബൈൽ ഫോൺ സംസ്കാരത്തിന്റെ ദു:സ്വാധീനം പുതുതലമുറയിൽ കുറയ്ക്കാൻ അഭിപ്രായ രൂപീകരണം, ബോധവത്ക്കരണം എന്നീ കാര്യങ്ങളിൽ ആവശ്യമായ തുടക്കം കുറിക്കുമോ? | (സി) | സർക്കാറിന്റെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് അഭിപ്രായ രൂപീകരണം, ബോധവത്കരണം എന്നീ കാര്യങ്ങളിൽ ആവശ്യമായ തുടക്കം കുറിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ